**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1388** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഇ-ശ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായണ്‍** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഇ-ശ്രം പദ്ധതിക്ക് വേണ്ടിയുള്ള വിവര ശേഖരണത്തിന്റെ ഭാഗമായുള്ള രജിസ്ട്രേഷന് സംസ്ഥാനത്തെ തൊഴിലാളികൾക്കും മറ്റുമായി എന്തൊക്കെ സഹായമാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കോമൺ സർവ്വീസ് സെന്ററുകൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവ മുഖാന്തരവും സ്വന്തം നിലയ്ക്കും തൊഴിലാളികൾക്ക് ഇ-ശ്രം പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. തൊഴിലാളികൾക്ക് 'ഇ-ശ്രം' പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുവാനും, ക്ഷേമ ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് രജിസ്ട്രേഷനു സഹായിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും, ട്രേഡ് യൂണിയനുകളുടെ യോഗങ്ങൾ ചേർന്ന് തൊഴിലാളികളെ രജിസ്ട്രേഷനു വേണ്ടി ബോധവൽക്കരിക്കുവാനും, അതിഥി തൊഴിലാളികൾക്കായി തൊഴിൽ വകുപ്പിന്റെ ഫെസിലിറ്റേഷൻ സെന്റർ വഴി രജിസ്ട്രേഷനു വേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ദേശീയ തൊഴിലുറപ്പ് പദ്ധതി അംഗങ്ങളായ തൊഴിലാളികളെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനായുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് വഴിയും സ്വീകരിക്കുന്നതാണ്. |
| (ബി) | കേന്ദ്ര ക്ഷേമനിധി ആനുകൂല്യങ്ങൾ, ഇൻഷ്വറൻസ് എന്നിവ ലഭിക്കുന്നതിന് ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്ത് തിരിച്ചറിയൽ കാർഡ് വേണമെന്ന് നിർബന്ധമാക്കിയിട്ടുണ്ടോ; | (ബി) | നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം സംബന്ധിച്ച് കണക്കെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | 'ഇ-ശ്രം' പോർട്ടലിൽ 05.10.2021 തീയതി വരെ സി.എസ്.സി. മുഖാന്തിരവും സ്വന്തം നിലയ്ക്കും ആകെ 71,218 അസംഘടിത തൊഴിലാളികൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | കൂടുതൽ തൊഴിലാളികളെയും തൊഴിൽ | (ഡി) | ഫെസിലിറ്റേഷൻ സെന്റർ/ഹെൽപ്പ് ഡെസ്ക് |

| | | | |
|---|---|---|---|
| | മേഖലയിലുള്ളവരെയും ഉൾക്കൊള്ളിച്ച് പോർട്ടലിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | എന്നിവ ക്രമീകരിച്ചുകൊണ്ടും പത്ര-ദൃശ്യമാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചാരണങ്ങൾ വഴിയും, ക്ഷേമനിധി ബോർഡുകൾ, ട്രേഡ് യൂണിയനുകൾ എന്നിവ വഴിയും തൊഴിലാളികളിലേയ്ക്ക് സന്ദേശം എത്തിച്ച് പോർട്ടലിൽ രജിസ്ട്രേഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ